(സി) മൽസ്യത്തൊഴിലാളി സമുദായത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി നടത്തുന്ന ഫിഷറീസ് സ്കൂളുകളിലെ വിജയശതമാനം വളരെ ഉയർന്നതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഗണിച്ച് ഇത്തരം സ്കൂളുകൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇ. എസ്. ഐ. മാതൃകയിലുള്ള ശുശ്രൂഷാസൗകര്യങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് കൂടി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1977-78 സാമ്പത്തിക വർഷത്തിൽ ഫിഷറീസ് വകുപ്പിൽ നിന്ന് 2000 പേർക്ക് ഭവനനിർമ്മാണഗ്രാന്റ് നൽകുകയുണ്ടായി.

(ബി) ഗ്രാന്റിനത്തിൽ 1977-78 സാമ്പത്തിക വർഷത്തിൽ 25,55,000 രൂപ ചെലവായി.

(സി) ഉണ്ട്.

(ഡി) പുതുതായി അഞ്ചു സ്കൂളുകൾകൂടി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഫിഷറീസ് വകുപ്പിൽ നിന്നും ഇതുവരെ 19 ഗ്രാമീണ ഫിഷറീസ് ഡിസ്പെൻസറികൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ പുതിയ താനൂർ 10 ഗ്രാമീണ ഫിഷറീസ് ഡിസ്പെൻസറികൾ കൂടി ആരംഭിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇവ മുഖേനയുള്ള സൗകര്യങ്ങൾ മൽസ്യത്തൊഴിലാളികൾക്കും ലഭ്യമാകുന്നതാണ്.

പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഗ്രാന്റ്

1219 [1949] ശ്രീ. എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി ശോഷിക്കുവായ പഞ്ചായത്തുകൾക്കു ഗവൺമെന്റിൽനിന്നും ഗ്രാന്റ് അനുവദിക്കുന്നതിന്റെ മാനദണ്ഡമെന്ത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ വിധം എത്ര സംഖ്യ അനുവദിച്ചു;

(സി) എത്ര പഞ്ചായത്തുകൾക്കു സ്പെഷ്യൽ ഗ്രാന്റ് നൽകി ?

ഉത്തരം

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കുക, ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുക, കളിസ്ഥലങ്ങൾ, പൊതുശ്മശാനങ്ങൾ, ഓപ്പണയർ തിയേറ്റർ, ഓടകൾ, കക്കൂസുകൾ എന്നിവ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി പഞ്ചായത്തുകൾക്ക് ഗ്രാന്റ് നൽകാറുണ്ട്. ഈ ഗ്രാന്റുകൾ തുലോമായ വരുമാനം മാത്രമുള്ള, പ്രത്യേകിച്ച് രണ്ടും മൂന്നും ഗ്രേഡുകളിലുള്ള പഞ്ചായത്തുകൾക്കാണ് നൽകാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് റൂറൽ ഡിസ്പെൻസറി നിർമ്മിക്കുന്നതിനു പ്രത്യേക ധനസഹായം നൽകിവരുന്നു. സാമ്പത്തികശേഷി തീരെ അപര്യാപ്തമായ പഞ്ചായത്തുകൾക്കു ശുദ്ധജല വിതരണപദ്ധതികൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ധനസഹായം നൽകാറുണ്ട്. സംസ്ഥാന ഗ്രാമവികസന ബോർഡിന്റെ പല പദ്ധതികളും പഞ്ചായത്തുകളിൽ സ്ഥാപിച്ചു വരുന്നുണ്ട്. അവയിൽ ചിലതിനു പ്രതീക്ഷിച്ച വരുമാനം കിട്ടാതെ വരുമ്പോൾ ബോർഡിലേക്ക് അടയ്ക്കേണ്ട വാർഷിക ഗഡുക്കൾക്ക് മുടക്കം വരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഗവൺമെന്റ് പഞ്ചായത്തുകൾക്ക് ധനസഹായം നൽകാറുണ്ട്.

ഇതിനെല്ലാം പുറമേ വാർഷിക വരുമാനം 20,000 രൂപ വരെയുള്ള (3-ാം ഗ്രേഡ്) പഞ്ചായത്തുകൾക്ക് 10,000 രൂപ എന്ന ക്രമത്തിലും 20,000 രൂപ മുതൽ 50,000 രൂപ വാർഷിക വരുമാനമുള്ളവയും മൈനസ് ഫണ്ട് ബാലൻസുള്ളതുമായ (സെക്കന്റ് ഗ്രേഡ്) പഞ്ചായത്തുകൾക്ക് 5,000 രൂപ എന്ന ക്രമത്തിലും ബ്ലോക്ക് ഗ്രാന്റ് നൽകുന്നുണ്ട്. രണ്ടും മൂന്നും ഗ്രേഡ് പഞ്ചായത്തുകൾക്ക് അവയുടെ വരുമാനത്തിന്റെ 25 ശതമാനത്തിൽ കൂടുതൽ വരുന്ന എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിനുള്ള തുകയും (എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്) ഒന്നാം ഗ്രേഡ് പഞ്ചായത്തുകൾക്ക് അവയുടെ വരുമാനത്തിന്റെ 40 ശതമാനം കവിഞ്ഞുവരുന്ന എസ്റ്റാബ്ലിഷ് ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള (എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ്) തുകയും ഗ്രാന്റായി നൽകി വരുന്നു.

(ബി) 90,87,477 രൂപ 07 പൈസ.

(സി) 383 പഞ്ചായത്തുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് നൽകിയിട്ടുണ്ട്.

സർവീസിൽ ഇരിക്കുമ്പോൾ മരിച്ചയാളുടെ കുടുംബത്തിനു ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ലെന്ന പരാതി

1220 [1950] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ പാറളം പഞ്ചായത്തിലെ ജൂനിയർ ബിൽ കളക്ടർ ശ്രീ. കെ. കെ. വേലായുധൻ 16-7-78-ൽ സർവീസിൽ ഇരിക്കുമ്പോൾ മരിച്ചിട്ട് ടിയാന്റെ കുടുംബത്തിനു അർഹമായ യാതൊരു ആനുകൂല്യങ്ങളും ഇന്നുവരെ പഞ്ചായത്തു വകുപ്പിൽനിന്നു നൽകിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരിച്ച ശ്രീ. വേലായുധന്റെ ഭാര്യ ശ്രീമതി കെ. എസ്. സുലോചനയ്ക്കു പഞ്ചായത്തു വകുപ്പിൽ നിയമനം കിട്ടണമെന്നുള്ള അപേക്ഷ പഞ്ചായത്തിൽ കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവർക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുവകുപ്പിൽ നിയമനം കൊടുക്കാമോ ?

ഉത്തരം

(എ) ഫാമിലി പെൻഷനുള്ള അപേക്ഷ (ഫാറം നമ്പർ 6) അതിന്റെകൂടെ ആവശ്യമുള്ള രേഖകളില്ലാതെ തൃശൂർ ജില്ലാ പഞ്ചായത്ത് ആഫീസർക്ക് കിട്ടിയിട്ടുണ്ട്. ആവശ്യമുള്ള രേഖകൾ ഹാജരാക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly